**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാംസ്കാരിക കാര്യ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസറെ "2205-00-102-75-International Film Festival Kerala(NP)" എന്ന ശീർഷകത്തിന്റെയും കൂടി ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.9965/2018/ധന.** തിരുവനന്തപുരം, തീയതി **04/12/2018**

പരാമർശം
1. 15.11.2018 ലെ സ.ഉ(സാധാ) 639/2018/സാം.ക.വ
2. G.O(Rt)No.9805/2018/Fin dated 28.11.2018
3. 24/04/2018-ലെ സ.ഉ. (സാധാ) നം.3651/2018/ധന
4. 31/08/2018- ലെ സ.ഉ(സാധാ) നം.7291/2018/ധന
5. 03/11/2018- ലെ സ.ഉ(സാധാ) നം.9108/2018/ധന
6. ഭരണ വകുപ്പ ഫയൽ നം. CLAD-C2/129/2018-CLAD (Computer no.785556)

**ഉത്തരവ്**

പരാമർശം 1ലെ ഉത്തരവ് പ്രകാരം 2018 ഡിസംബറിൽ 7 മുതൽ 13 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 23- ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷത്തെ "2205-00-102-75-International Film Festival - Kerala (NP)" എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനമായി വകയിരുത്തിട്ടുള്ള 63,00,000/- രൂപ (അറുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ചിരിക്കുന്നതിനാലും പരാമർശം 2 പ്രകാരം "2205-00-102-75-International Film Festival Kerala (NP)"എന്ന ശീർഷകത്തിന്റെ ചീഫ് കൺട്രോളിംഗ് ഓഫീസറായി സാംസ്കാരിക വകുപ്പദ്ധ്യക്ഷനെ നിയമിച്ച് ഉത്തരവായിട്ടുള്ളതിനാലും ടി ശീർഷകത്തിന്റെ കൂടി ഡി.ഡി.ഒ. ആയി സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനായി പരാമർശ ഫയൽ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, "2205-00-102-75-International Film Festival Kerala(NP)" എന്ന ശീർഷകത്തിന്റെയും കൂടി ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി സാംസ്കാരിക കാര്യ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസറെ നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സാംസ്കാരികകാര്യ വകുപ്പ് (file No: ഭരണ വകുപ്പ ഫയൽ നം. CLAD-B3/135/2018-CLAD (Computer no.984410) പ്രകാരം)
ധനകാര്യ (എഡ്യൂക്കേഷൻ -സി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ